ശ്രീ. പി. കെ. വാസുദേവൻ നായർ: താഴെ പറയുന്ന റൂട്ടുകൾക്കുള്ള പരിഷ്ക്കാരനിർദ്ദേശങ്ങളാണ് ശങ്കരനാരായണൻ തമ്പി കമ്മിറ്റി റിപ്പോർട്ടു ചെയ്തത്.

(1) Kerala House Building Advance Rules.
(2) Government Employees Medical (Attendance) Rules.
(3) Kerala State and Subordinate Service Rules.
(4) Kerala Civil Services (Discipline and Appeal) Rules.
(5) Government Servants Conduct Rules.
(6) Kerala General Provident Fund Rules.
(7) Kerala Civil Services (DCR benefit) Rules.
(8) Kerala Service Rules (Parts I and II).

ഇതിൽ ഹൗസ് ബിൽഡിംഗ് അഡ്വാൻസ് റൂൾസിനെ സംബന്ധിച്ച ശുപാർശ ഗവൺമെന്റ് പരിഗണിച്ച് അവസാനരൂപംകൊടുത്ത് ജി. ഒ. ആയി ഇഷ്യൂ ചെയ്തുകഴിഞ്ഞു. മറ്റു വിവിധ ശുപാർശകളും വിവിധ ഡിപ്പാർട്ടുമെന്റ് സെക്രട്ടറിമാർ അടങ്ങുന്ന കമ്മിറ്റിയുടെ പരിഗണനയിൽ ഇരിക്കുകയാണ്. ചിലത് ലാ ഡിപ്പാർട്ടുമെന്റിന്റെ പരിഗണനയിലാണ്. അങ്ങനെ പല സ്റ്റേജിൽ ഇരിക്കുകയാണ്. ഈ ശുപാർശകളും എത്രയും പെട്ടെന്ന് സെക്രട്ടറിമാരുടെ കമ്മിറ്റി പ്രോസസ് ചെയ്തുകഴിഞ്ഞാൽ ഉടൻ തന്നെ സർവീസ് സംഘടനകളുമായി ചർച്ചചെയ്യുന്നതാണ്.

ശ്രീ. കെ. പി. നൂറുദ്ദീൻ: കാലതാമസത്തിനുള്ള ഒരു കാരണം സാമ്പത്തികബാദ്ധ്യതയാണെന്നുപറഞ്ഞു. ഈ ശുപാർശകളും പൂർണ്ണമായി നടപ്പിലാകുമ്പോൾ എന്തുമാത്രം സാമ്പത്തിക ബാദ്ധ്യതയുണ്ടാകുമെന്നുള്ളതിനെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: എല്ലാ ശുപാർശകളെ സംബന്ധിച്ചും ഒരു തീരുമാനമെടുത്ത് നടപ്പിലാക്കിക്കഴിഞ്ഞാൽ എന്തു സാമ്പത്തിക ബാദ്ധ്യതയാണുവരുക എന്നുള്ളതിനെ സംബന്ധിച്ച് ഒരു അസസ്മെന്റ് നടത്തിക്കഴിഞ്ഞിട്ടില്ല.

Steps taken to safeguard the fixed income group from inflation

*4 [6] **Sri M. Ramappa:** Will the Chief Minister be pleased to state:

The steps taken to safeguard the fixed income group of people from the effect of inflation?

Chief Minister **(Sri P. K. Vasudevan Nair):** Government have taken steps for the distribution of essential commodities through the public distribution system. Besides, Government servants are allowed Dearness Allowance periodically, taking into account the increase in the cost of living index. Regarding industrial labourers, generally they are allowed variable D. A. based on the cost of living index.

LIBRARY ARCHIVES Kerala Legislative Assembly

Sri M. Ramappa: Sir, it is the policy of the Central Government which is responsible for this inflation. Will the State Government request the Central Government to compensate the loss to our Government regarding the payment of D.A.

ശ്രീ. പി. കെ. വാസുദേവൻ നായർ: അതൊന്നും പ്രായോഗികമായ കാര്യമല്ലെന്ന് ഇതിനുമുമ്പുള്ള അനുഭവങ്ങൾ തെളിയിച്ചിട്ടുണ്ട്. ആ പൈല വൊക്കെ നമ്മൾതന്നെ മീറ്റ് ചെയ്തേ കഴിയൂ.

Sri M. Ramappa: It is reported that there is a proposal before the Central Government to sanction additional D.A. to their employees. Is there any such proposal before our Government now?

ശ്രീ. പി. കെ. വാസുദേവൻ നായർ: കേന്ദ്രഗവൺമെന്റ് വർദ്ധിച്ച ഡി.എ. കൊടുക്കാൻ തീരുമാനിക്കുമ്പോൾ ഇവിടെയും കൊടുക്കുകയാണ് നമ്മൾ ചെയ്തുകൊണ്ടിരിക്കുന്നത്. ആദ്യമായി കേന്ദ്ര ഡി.എ. നടപ്പാക്കിയ സംസ്ഥാനഗവൺമെന്റും കേരളഗവൺമെന്റാണ്. കേന്ദ്രത്തിൽ തീരുമാനിക്കുമ്പോൾ ഇവിടെയും തീരുമാനിക്കുന്നതാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഇൻഫ്ലേഷൻ പതിനഞ്ചു ശതമാനത്തിലധികം വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നു പറയുന്നു. ഗവൺമെന്റ് ശമ്പളം കിട്ടുന്നവർക്ക് കേന്ദ്ര ഡി.എ. കൊടുക്കുന്നതല്ലാതെ മറ്റാളുകൾക്ക് ന്യായമായ വിലയ്ക്ക് സാധനങ്ങൾ കിട്ടുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടോ? ചില സ്റ്റോറുകളും മറ്റും തുടങ്ങുന്നതായി പത്രത്തിൽ കണ്ടു. കേന്ദ്രത്തിലെ പ്രസ്താവനയും കണ്ടു. അവ തുടങ്ങുന്നതിനുള്ള നടപടിയായിട്ടുണ്ടോ? ഇല്ലെങ്കിൽ അടുത്തകാലത്തെങ്കിലും ആരംഭിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇവിടെ ഇപ്പോൾ കേരളഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത് ഒരു പഞ്ചായത്തിൽ രണ്ട് കേരളാ സ്റ്റോർ തുറക്കുക എന്നതാണ്. ഏതാണ്ട് നൂറിനടുത്തോളം സ്റ്റോറുകൾ ഇതിനകം തുടങ്ങിക്കഴിഞ്ഞിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എത്രയും വേഗം ഈ പരിപാടി നടപ്പിലാക്കണമെന്നാണ് ഗവൺമെന്റുദ്ദേശിക്കുന്നത്. ടോയ്ലറ്റ് സോപ്പുകൾ, വാഷിംഗ് സോപ്പുകൾ, കോഫി, ടീ, മാച്ചസ് ആൻഡ് നോട്ടുബുക്ക്സ്, മറ്റു നിത്യോപയോഗ സാധനങ്ങൾ തുടങ്ങിയവയാണ് അവിടെ വിതരണം ചെയ്യുന്നത്. ഇതിനു കേന്ദ്രഗവൺമെന്റിന്റെ സഹായവും ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ചോദ്യം നമ്പർ 7 ചോദിച്ചില്ല)

വെടിവെയ്പുകളും ലാത്തിച്ചാർജുകളും

*5 [8] ശ്രീ. കെ. അനിരുദ്ധൻ:

,, എൻ. വാസുദേവൻ പിള്ള:

,, എൻ. സുബ്രഹ്മണ്യ ഷേണായി:

,, ടി. കെ. അബ്ദു:

ഡോ. കെ. ജി. അടിയോടി:

LIBRARY ARCHIVES Kerala Legislative Assembly